

# CHURCH VOICE


C. S. I. MATEER MEMORIAL CHURCH

Vol. 13 No.6 Newsletter June 2015




"നമുക്ക് യഹോവയുടെ വെളിച്ചത്തിൽ നടക്കാം"
(യെശയ്യ. 2:5)

# വാർത്തകൾ








**നമിതാ രഞ്ജിത്**
ഐ.സി.എസ്.ഇ 96.5%
പിതാവ്: രഞ്ജിത് ഡാർവിൻ
മാതാവ്: ഡോ. മഞ്ജു രഞ്ജിത്
കുടുംബ നമ്പർ: 1330, നന്തൻകോട്

**അനു സ്നേഹ ഇമ്മാനുവേൽ**
ഐ.സി.എസ്.ഇ 94%
പിതാവ്: അഡ്വ. ബിജു ഇമ്മാനുവേൽ
മാതാവ്: ആശാ റ്റി.ആർ
കുടുംബ നമ്പർ: 1671, പാളയം



**സാന്ദ്ര ബിനുക്കുട്ടൻ**
പ്ലസ് ടു (**Full A+**)
പിതാവ്: അഡ്വ. ബിനുക്കുട്ടൻ
മാതാവ്: പ്രജിത ഇ.വൈ
കുടുംബനമ്പർ: 2030, പൂജപ്പുര



**ദീപ എസ്. ജോൺ**
പ്ലസ് ടു (**Full A+**)
പിതാവ്: ഓസ്റ്റിൻ ജോൺ
മാതാവ്: ശൈല ജാസ്മിൻ
കുടുംബനമ്പർ: 1251, തിരുമല



സംസ്ഥാന സണ്ടേസ്കൂൾ റീജ്യണൽ കലാമേളയിൽ ഇന്റർമീഡിയറ്റ് വിഭാഗം ചിത്രരചനയിൽ ഒന്നാം സ്ഥാനം നേടിയ **സാന്ദ്ര വി.എസ്.** പിതാവ്: വിനുകുമാർ, മാതാവ്: സൃഷിത ബിന്ദു.

## 177-ാം സഭാദിനം

മേയ് 10-ാം തീയതി ഞായറാഴ്ച 177-ാം സഭാദിനം ആഘോഷിച്ചു. ഇതോടനുബന്ധിച്ച് നമ്മുടെ സഭയിൽ സേവനമനുഷ്ഠിച്ച സഭാശുശ്രൂഷകരെ ആദരിക്കുകയുണ്ടായി. സ്നേഹവിരുന്നും ക്രമീകരിച്ചിരുന്നു. വൈകുന്നേരം 4.15 മണി ആരാധനയിൽവെച്ച് സ്ഥിരീകരണ ശുശ്രൂഷയിലൂടെ 18 പേർ പുതുതായി തിരുസഭാംഗങ്ങളായി.

## Obituary

**Adv. Ponnumoni A.** (F No.1768)
Shalem, TC 27/795-2, D9,
Amba Nagar,Vanchiyoor.
Died on:- 30-04-2015



**Rose Michael** (F. No.1732)
Belston, NNRA 71,
Nalanda, Nanthencode
Died on:- 08-05-2015



# CHURCH VOICE

13th year of publication

**JUNE 2015**

**CHIEF EDITOR**

Rev. T. Selvarajan

**EDITOR**

R. Sajan Samson

**SUB-EDITOR**

Manoj Kumar Ebenezer

**EDITORIAL BOARD**

Rev. C.R. Vincent
Rev. E. Sunin Spenzer
Dr. Christenson E. Sarasam
Adv. Sarjine Thomas

**CIRCULATION MANAGER**

Zaem Enock

**ADDRESS:**

The Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles / Feedback may be sent to :

churchvoice@gmail.com
before 15th of every month

Church Voice can be read online at our website

www.mateermemorialchurch.com

Printed at:
**GRACE PRINTERS**
**Muttada Ph: 2540523**


## CSI MATEER MEMORIAL CHURCH
### Regular Weekly Programme

| | | |
|---|---|---|
| | **Morning Worship (Monday to Saturday)** | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.30 a.m |
| | English Service | 10.30 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 10.00 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | Men's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.00 a.m |
| | Young Family Fellowship | 05.30 p.m |
| | Praise and Worship (First Sunday) | 06.15 p.m |
| Monday | Bible Class | 05.30 p.m |
| | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer (3 houses) | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Missionary Prayer Fellowship | 04.30 p.m |
| | Circle Prayer (3 houses) | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparation Service (First Saturday) | 07.00 p.m |

### Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. T. Selvarajan(President) | 2724658 | 9497017194 |
| Rev. C. R. Vincent (Presbyter) | 2316544 | 9446850066 |
| Rev. E. Sunin Spenzer (Presbyter) | 2316644 | 8547811284 |
| Dr. Christenson E. Sarasam (Secretary) | 2327722 | 9995100420 |
| Adv. Sarjine Thomas (Accountant) | 2435142 | 9847104775 |
| Mr. Y. Christudas | 2318213 | 9895114633 |
| Dr. S. G. Churchin Ben | 2315655 | 9447177666 |
| Dr. Arthur Jacob J. | 2115678 | 9447965063 |
| Dr. S. Satheesh | 2315232 | 9447104460 |
| Mr. R. Sajan Samson | 2555013 | 9447153170 |
| Er. M. Sam Moses | 2311754 | 9447011754 |
| Er. Joshi Das Y.S. | 2315106 | 9446052121 |
| Mrs. Charlet Bai Robert Singh | 2436338 | 9495551064 |
| Mrs. Pushpa Madan | 2553247 | 9847215215 |
| Dr. John Sajit Edwin | 2326839 | 9847040490 |
| Church Office | 2311347 | |
| Mr. T. Rajeev (Sexton) | | 9895801012 |
| Mr. G. Wilson (Parish Asst.) | | 9447525339 |



# Wisdom from Above

One more academic year has started. Children are going to be busy right from the beginning of the year. The parents are also having busy times.

As we are aware the ultimate aim of education is the acquisition of wisdom or knowledge. Man has an inborn interest to gain knowledge and understand new things. The Church insists on the acquisition of Divine wisdom by children. But worldly knowledge is also essential for them to survive in this world of competitions.

Proverbs 9:10 says.

"The fear of the Lord is the beginning of the wisdom……"

The children should be given a good training by the parents to seek God's power at first before the commencement of academic activities. If they do so our Almighty Lord will fill their minds with wisdom and they will excel in their studies. The parents have a vital role to play in making children God-fearing and seekers of God. If parents are indifferent towards the good beginning of studies of their children, it will pave the way for the gradual decline in the academic performance of their children.

Another factor is the proper utilization of time. Many people say "My children are intelligent but not having sufficient time to cover the vast syllabus". The syllabi may be vast. But the manner in which the children utilize their time of this studies is important. Hence they should be advised accordingly and put in the proper way.

Once a teacher gave an assignment to his two students. He gave them two large rooms in a building and asked them to fill the rooms completely with something. One of them collected all sorts of rubbish available and filled the room allotted to him. But the other person simply went and purchased a lamp. He lighted it and kept it at the centre of the room. Also he purchased some incense sticks, lighted them and placed at the four corners of the room. As the teacher came to see their works, he appreciated the student who lit the lamp in his room, since it was filled with the light of the lamp and fragrance of the incense sticks.

Likewise if the children spend their time intelligently, they can avail sufficient time for their studies.

In I Kings 3:9, we read about the prayer of King Solomon to the

Lord. He didn't ask for long life or riches, but only for an understanding mind. This should be the prayer of each student. During the academic period the children ought to concentrate on their studies in spite of all diversions. They have to ask God for an understanding mind just like King Solomon.

Again in the Gospel according to St. Luke Chapter 2 we read that "The child grew and became strong, filled with wisdom and the favour of God was upon him". (Verse 40)

Based on this verse, the parents should try to inculcate three aspects among children.

**1) The Physical Growth of Children:**

The parents ought to give attention and do the needful regarding the physical growth of Children. They should be provided with proper food rich in nutrition and promote the intellectual development.

**2) The Strength and Energy of Children:**

A strong body should possess a strong mind and vice versa. The children should be brought up as having their strength in the Lord. Then they will be blessed with physical, intellectual and spiritual strength.

**3) The Favour of God for Children:**

All our efforts will be an utter failure if the grace of God is not present in the lives of children. So it is very important to ensure that the children are having personal relationship with the Lord in all their activities.

God is the source of all Wisdom. If a student seems to be poor in any subject or subjects the parents should remember one thing:
In the letter of James Chapter 5 and verse 1, it is written. "If any of you is lacking in wisdom, ask God who gives to all generously and ungrudgingly and it will be given you".

Hence it is the duty of parents as well as the children to unite in prayer to ask wisdom from God.

May God Almighty bless each and every student of our Church and their parents abundantly.

May God bless you all

**Rev. T. Selvarajan**
Presbyter-in-Charge



Dear friends,

Schools and colleges will reopen by the first week of this month. Children promoted to the next classes will be rushing to educational institutions with spirited enthusiasm and delight. There could be some who met with failure and therefore continue in the same classes with a gloomy mind and a saddened heart. God in His mercy will surely take care of you children to bloom your aspirations and escalate to greater heights. The Psalmist states: "The fear of the Lord is the beginning of Wisdom" (Proverbs 9:10, Psalms 111:10). Search the Scriptures daily. Cling on to the promises in the 'Word of God for it is a lamp unto your feet and a light unto your path' (Psalms 119:105). May God bless parents to fulfill the financial commitments during this month towards promoting children in academic pursuits.

**177th Church Day** celebrations were conducted on Sunday 10th May, 2015 with good participation from our Church members and those who attend our worship services regularly. Our former Presbyters who served our congregation in the past were honoured on the occasion. The lunch that was arranged in the TJM Hall provided a lot of fellowship for those who attended.

There was appreciable participation of our Church members in the **SIUC rally** on 28/04/2015, Hearty congratulations to the Pastors, Church Committee members, office bearers of sub-organisations and volunteers for their leadership and active mobilisation.

In response to the good number of requests received for educational aid from our Church members, City mission centres, poor Churches and individuals in the Diocese, note books for the deserving had been distributed.

Purchase order had been given for supply and installation of 30KV **Diesel Generator** and **Surveillance Camera System** in the Church.

Er. Sam Moses was assigned as Convener for Buildings & Properties of the Church and Mr. Sajan Samson was assigned as

Secretary, Gospel Band for the rest of the triennium 2013-2016. Er.Ajith Sen will continue to co-ordinate the visitation programme of Gospel Band on every Wednesday.

**The following financial sanctions were made:**

**Medical Aid**

| | |
|---|---|
| Smt. Valsala CSI Mananthottam | - Rs.5,000/- |
| Mrs.K. Sarojam Sathyadas, W/o Rev.N. Sathyadas | - Rs.5,000/- |
| Mrs. Lilly Varghese, (Church member) | -Rs.2,033/- |

**Marriage Aid**

| | |
|---|---|
| Smt. Rema Vincent - CSI Kavalottukonam | -Rs.2,000/- |
| Smt. Aswathy A - CSI Kaithamkuzhy | -Rs.5,000/- |
| Smt. Daisy - CSI Puthenpalam | -Rs.5,000/- |
| Smt. Sindhu - Hostel for Working Women | -Rs.3,000/- |
| Smt. Suma B - CSI Zionkunnu | -Rs.5,000/- |

**Educational Aid**

| | |
|---|---|
| Mr. M.V. Rajesh - BD Student - (Concordia Theological Seminary) | - Rs.5,000/- |
| Mr. Arunkumar - BD Student, Serampore | -Rs.5,000/- |

18 members of our Church were confirmed through **Confirmation Service** held on 10/05/2015. Two non-members were also confirmed. Confirmation service for 4 members who attended the classes, but could not participate on 10/05/2015 will be arranged subsequently.

Our Church has decided to sponsor 2 missionaries of the South Kerala Diocese ( in Maharashtra Mission Field) by contributing an amount of Rs.10,000/- every month to continue our partnership in the missionary work of the Diocese.

We require a Missionary with call and commitment, who is prepared to stay and work with family at Narikkal Mission field (4 kilometres from Vithura).

A temporary shed will be constructed in the City Mission Kothalam field (30 x 20 feet - with tin sheet roof) and Er. Sam Moses was authorised to carry out the work.

Sanction had been accorded to use of TJM Hall to Mr. Yesudas free of rent (on remittance of cleaning & electricity charges) for the

engagement reception of his daughter on 21/05/2015

Rs. 5,000/- was sanctioned for School of Evangelism and Rs.5,000/- was granted for Malayalee Missionary Conference held in Trivandrum by the Board for Mission of the Diocese.

Allotment of Wards to the Deacons are as follows: w.e.f. June, 2015:

| | |
|---|---|
| Prof. Mrs. Charlet Bai Robert Singh | - Nanthencode |
| Mrs. Pushpa Madan | - LMS-Palayam |
| Mr. Y. Christudas | - Kowdiar |
| Dr. Satheesh | - Charachira |
| Dr. Arthur Jacob | - Pattom |
| Adv. Sarjine Thomas | - Ulloor |
| Mr. Sajan Samson | - Statue |
| Dr. Churchin Ben | - Edapazhanji |
| Er. Sam Moses | - Muttada |
| Dr. John Sajith Edwin | - Ambalamukku |
| Er. Joshi das Y.S | - Vazhuthacaud |
| Dr. Christenson E. Sarasam | - Thycaud |

Dr. A. John Jeyasingh, Aeden, CRA-F-10, Charachira, Kowdiar PO,Trivandrum-695 003 contributed Rs.10,000/- towards enhancing the "Albert Joseph Memorial Summer School of Music Prize Fund" maintained in the Diocesan Treasury.

The time of the regular monthly meeting of the **Church committee** is changed and fixed to be from **2 pm to 4 pm** on every Second Sunday of the month.

**Obituary**

1. Mr. Ponnumony, Vanchiyoor (Family No.1768) was called to eternal rest on 30/04/2015 and was buried in our Cemetery on the same day.
2. Mrs.Rose Michael, Nalanda juction, Nanthencode (Family No. 1732) was called to eternal rest on 08/05/2015 and was buried in our Cemetery on 09/05/2015.

Church members are earnestly requested to visit and extend fellowship to the members of the bereaved families.

Yours in His Blessed Service,

**Dr. Christenson E. Sarasam**
Church Secretary.

# ക്രിസ്തീയ ശിഷ്യത്വം

**റവ. ഡോ. ഡി.ജെ. അജിത്കുമാർ**
(ഫുൽബാനി മഹായിടവക, സി.എൻ.ഐ)

ക്രിസ്തീയ ശിഷ്യത്വം പുതിയ നിയമത്തിലെ ഒരു പ്രധാന ചിന്തയാണ്. യേശുവിന്റെ മഹാ ആജ്ഞയിൽ പറയുന്നതും സകലരേയും ശിഷ്യരാക്കുക (മത്താ-28:19) എന്നാണ്. ഒന്നാം നൂറ്റാണ്ടിലെ വിശ്വാസികൾ വെറും വിശ്വാസികൾ എന്നല്ല പ്രത്യുത ശിഷ്യന്മാർ എന്നു അറിയപ്പെട്ടിരുന്നു (അപ്ര-6:1, 20:30). യേശുവിന്റെ പരസ്യശുശ്രൂഷാകാലത്ത് അവിടുത്തെ പിന്തുടരാനും, യേശുവിൽനിന്നു പഠിക്കാനും വലിയ ഒരു കൂട്ടം ശിഷ്യർ ഉണ്ടായിരുന്നു. എന്നാൽ തന്നെ അനുഗമിക്കാൻ വന്നവരോട് ക്രിസ്തുവിന്റെ ശിഷ്യത്വത്തിനായുള്ള ശക്തമായ നിർദ്ദേശങ്ങൾ നൽകുന്നത് കാണാം.

### 1. യേശുവിന്റെ കല്പനകൾ സ്വീകരിച്ച് ശിക്ഷണം ലഭിക്കുക

യേശുവിന്റെ ഉയിർപ്പിന് ശേഷം അപ്പൊസ്തലന്മാരെ ദൗത്യം നൽകി അയയ്ക്കുമ്പോൾ നൽകിയ ആജ്ഞ സുവ്യക്തമാണ്. "ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പഠിപ്പിച്ചുകൊണ്ട് ശിഷ്യരാക്കുക" (മത്താ-28:18-20). ക്രിസ്തുവിന്റെ ഉപദേശങ്ങൾ പഠിച്ചവനാണ് ശിഷ്യൻ. തന്റെ ഉപദേശങ്ങളെക്കുറിച്ച് കർത്താവ് പല പരാമർശങ്ങളും നടത്തിയിട്ടുണ്ട്. പഴയനിയമത്തിലെ മത ആചാരങ്ങളിൽ നിന്നും വ്യത്യസ്തമായിട്ട് "നിങ്ങൾ ഇങ്ങനെ കേട്ടിട്ടുണ്ട്; ഞാൻ നിങ്ങളോടു ഇങ്ങനെ പറയുന്നു" എന്ന് ഗിരിപ്രഭാഷണത്തിൽ മാത്രം ആറു പ്രാവശ്യം ലിഖിതപ്പെടുത്തിയിരിക്കുന്നു (മത്താ-5:22,28,32,34,39,44) ഇങ്ങനെ പുതുക്കി നൽകിയ വചനങ്ങളായതുകൊണ്ടാണ് ഇതു പുതിയ നിയമമായത്. 'Discipline' എന്ന വാക്കിൽ നിന്നാണ് 'Disciple' ഉണ്ടായത്. ശിക്ഷണം ലഭിക്കുന്നവനാണ് ശിഷ്യൻ.

### 2. ക്രിസ്തുവിന്റെ വചനത്തിൽ നിലനിൽക്കുക

എന്റെ വചനത്തിൽ നിലനില്ക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി, സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും (യോ-8:31). "നിലനിൽക്കുക" (Abiding) എന്നതിന് 'അനുസരിക്കുക', 'പരിശീലിക്കുക', 'പ്രായോഗികമാക്കുക' എന്നൊക്കെ അർത്ഥമുണ്ട്. മുമ്പ് പറഞ്ഞതുപോലെ, അവിടുത്തെ വചനം പഠിച്ചാൽ മാത്രം പോരാ, അനുസരിക്കണം. കേൾക്കുക മാത്രം ചെയ്തു നിങ്ങളെതന്നെ ചതിക്കരുതെന്നാണ് യാക്കോബ് പഠിപ്പിച്ചത് (യാ-1:22). "എന്നെ കർത്താവേ, കർത്താവേ എന്നു വിളിക്കയും ഞാൻ പറയുന്നതു ചെയ്യാതിരിക്കയും ചെയ്യുന്നതു എന്തു?" (ലൂ-6:46,47).

### 3. ഫലം കായ്ക്കുക

അധികം ഫലം കായ്ക്കുമ്പോൾ യേശുശിഷ്യൻ ആയിത്തീരും (യോ-15:8). ഫലം നമ്മുടെ പ്രവർത്തികളെ കാണിക്കുന്നു. ഫലത്താൽ തിരിച്ചറിയാമെന്നാണ് ഗിരിപ്രഭാഷണത്തിലൂടെയും പഠിയ്ക്കുന്നത് (മത്താ-7:16-20). മാനസാന്തരത്തിനു യോഗ്യമായ ഫലം കായ്ക്കുവിൻ എന്നാണ് യോഹന്നാൻ സ്നാപകന്റെ പ്രസംഗം (ലൂ-3:8, മത്താ-3:8). മാനസാന്തരത്തിന്റെ പ്രവൃത്തികൾ എന്നർത്ഥം. യാക്കോബ്

അപ്പൊസ്തലനും ഈ വിഷയം ആവർത്തിച്ച് പറയുകയുണ്ടായി (യാ-3:12). ശിഷ്യന്മാരുടെ തെരഞ്ഞെടുപ്പിനെക്കുറിച്ചും അവിടുന്ന് പറയുന്നുണ്ട് (യോ-15:16). പോയി ഫലം കായ്ക്കാനും ആ ഫലം നിലനിൽക്കാനും തെരഞ്ഞെടുത്തിരിക്കുന്നു. പ്രായോഗിക ജീവിതത്തിലെ പ്രവർത്തികൾ തന്നെയാണ് ഫലം (ഗലാ-5:22,23).

### 4. സ്വയ ത്യാഗം

സ്വയം ത്യജിച്ചു തന്റെ ക്രൂശ് എടുത്ത് അനുഗമിക്കുന്നവനാണ് ശിഷ്യൻ (ലൂ-14:25-34, മത്താ-10:37-39, മർ-8:34-38). ഗോതമ്പു മണി നിലത്തുവീണു ചാവുക യോ-12:24 എന്നു യേശു പറഞ്ഞത് യോഹന്നാനും റിപ്പോർട്ടു ചെയ്തു. ക്രിസ്തുശിഷ്യനാകാനുള്ള ഒരു പ്രധാന യോഗ്യത ഇതുതന്നെയാണ്. 'ഞാനോ കുറയേണം അവനോ വളരേണം' എന്ന യോഹന്നാന്റെ സമീപനം പോലെ (യോ-3:30) തന്നെത്താൻ ത്യജിക്കുന്നവനാണ് ക്രിസ്തുശിഷ്യൻ.

### 5. തമ്മിൽ തമ്മിൽ സ്നേഹിപ്പിൻ

നിങ്ങൾ തമ്മിൽ സ്നേഹിക്കേണം എന്നു പുതിയോരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു തന്നേ... നിങ്ങൾ എന്റെ ശിഷ്യന്മാരെന്നു എല്ലാവരും അറിയും (യോ-13:34,35). മറ്റെല്ലാ യോഗ്യതകളെക്കാളും വളരെ ശക്തമായ ഒരു യോഗ്യതയാണിത്. കാരണം ഇതിൽ സമ്പൂർണ്ണ തിരുവചനവും അടങ്ങിയിരിയ്ക്കുന്നു (ഗലാ-5:14). രണ്ട് കല്പനകൾ പ്രധാനമാണെന്നു പറഞ്ഞ കർത്താവ് ഇപ്പോൾ ഞാൻ നിങ്ങൾക്കു ഒരു കല്പന തരുന്നു എന്നു പറഞ്ഞിട്ടാണ് ഈ കല്പന നൽകിയിരിക്കുന്നത്. ക്രിസ്തു നമ്മെ സ്നേഹിച്ചതുപോലെ പരസ്പരം സ്നേഹിക്കുമ്പോൾ ആണ് നാം ക്രിസ്തുശിഷ്യരായി തീരുന്നത്.

'ശിഷ്യത്വത്തിന്റെ വില' യേശുക്രിസ്തു ആവർത്തിച്ചു പഠിപ്പിക്കുന്നു. ശിഷ്യത്വത്തിന്റെ വില എന്ന വിഷയം ചർച്ച ചെയ്യുമ്പോൾ ഡീട്രിച്ച് ബോൺഹോഫർ (1906-1945) എന്ന ജർമ്മൻ ദൈവശാസ്ത്രജ്ഞനെ വിസ്മരിച്ചുകൂടാ. അദ്ദേഹം എഴുതിയ *Nachfolge* എന്ന ജർമ്മൻ പുസ്തകമാണ് **The Cost of Discipleship** എന്നു വിവർത്തനം ചെയ്യപ്പെട്ട പ്രസിദ്ധമായ പുസ്തകം. ക്രിസ്തുവിന്റെ ഗിരിപ്രഭാഷണത്തെ കേന്ദ്രമാക്കികൊണ്ട് 1937-ൽ എഴുതപ്പെട്ട ഈ പുസ്തകത്തിന് അദ്ദേഹം കൊടുക്കേണ്ടിവന്ന വില അഥവാ 'ശിഷ്യത്വത്തിന്റെ വില' തന്റെ ജീവൻ തന്നെയായിരുന്നു. നാസി സ്വേച്ഛാധിപത്യത്തിനെതിരെയുള്ള ഒരു നീക്കമായി ഈ പുസ്തകം തെറ്റിദ്ധരിക്കപ്പെട്ടു. 1943 ഏപ്രിലിൽ അദ്ദേഹം ഹിറ്റ്ലറുടെ നാസി പട്ടാളത്താൽ അറസ്റ്റു ചെയ്യപ്പെടുകയും 1945 ഏപ്രിൽ 9 നു വധിക്കപ്പെടുകയും ചെയ്തു. വിലകുറഞ്ഞ കൃപയും വിലയേറിയ കൃപയും അദ്ദേഹം ശക്തമായി ഈ പുസ്തകത്തിൽ നിർവചിക്കുന്നു: "ഏറ്റുപറച്ചിൽ ഇല്ലാത്ത തിരുവത്താഴവും സഭാശിക്ഷണമില്ലാത്ത സ്നാനവും അനുതാപം ആവശ്യപ്പെടാത്ത പാപക്ഷമാപ്രസംഗവും വിലകുറഞ്ഞ കൃപയാണ്. ഇതു ശിക്ഷണമില്ലാത്ത കൃപയാണ്, ക്രൂശില്ലാത്ത കൃപയാണ്, യേശുക്രിസ്തു ഇല്ലാത്ത കൃപയാണ്". ("cheap grace is the preaching of forgiveness without requiring repentance, baptism without church discipline and communion without confession. Cheap grace is the grace without discipleship, grace without the cross and the grace without Jesus Christ"). ●

ലേഖനം

# മക്കൾ

പ്രൊഫ.ജെയിംസ് സ്റ്റ്യൂവർട്ട്

മറ്റൊരു അദ്ധ്യയന വർഷമിങ്ങെത്തി. മാതാപിതാക്കൾക്കും മക്കൾക്കും പുതിയ പ്രതീക്ഷകൾ, പുതിയ പ്രശ്നങ്ങൾ, മക്കൾ ഉയർന്ന ക്ലാസ്സുകളിലെത്തുമ്പോൾ അതിനനുസരിച്ചുതന്നെ നമ്മുടെ പ്രതീക്ഷകളും മക്കൾ നേരിടുന്ന പ്രശ്നങ്ങളും വലുതാവുന്നു. മക്കൾക്കു വെല്ലുവിളികളുയർത്താൻ അവർ ജീവിക്കുന്ന സമൂഹവും, അവരെ വളർത്തുന്ന ജീവിതസാഹചര്യങ്ങളും വ്യക്തിപരമായ വികാര വിചാരങ്ങളും തയാറായി നിൽക്കുന്നു. ഇവയെ എല്ലാം ഫലപ്രദമായി അതിജീവിക്കുവാനുള്ള കഴിവു നേടുവാൻ വ്യക്തിജീവിതത്തിന്റെ പ്രാരംഭം മുതൽ അവൻ ശീലിച്ചിട്ടുണ്ടെന്നുറപ്പു വരുത്താൻ നമുക്കു കഴിഞ്ഞാൽ അവനെക്കുറിച്ച് അധികം ആശങ്കപ്പെടേണ്ടി വരുന്നില്ല.

ശരിയും തെറ്റും എന്തെന്നു വിവേചിച്ചറിയാൻ കഴിയാത്ത കുഞ്ഞുപ്രായത്തിൽ കരുതലോടെ, വിവേകത്തോടെ ഒരമ്മ നൽകുന്ന ചെറു സൂചനകൾ പോലും പാഠങ്ങളായും പിന്നീടു ശീലങ്ങളായും മാറുന്നു എന്ന സത്യം മറക്കാതിരിക്കാം. **ഒരിക്കലും പ്രതീക്ഷിക്കാത്ത ജീവിത സാഹചര്യങ്ങളിൽ എത്തിപ്പെടുമ്പോൾ വീണുപോകാതെ നിൽക്കുന്ന മക്കൾ നല്ല ശീലങ്ങളിൽ സ്നേഹപൂർവം വളർത്തപ്പെട്ടവരാണ്.** അനുസരണയുള്ള മക്കളാണവർ. ആ മക്കൾ കുടുംബങ്ങൾക്ക് ഒരനുഗ്രഹമാണ്. അപൂർവ്വമായ ഒരനുഗ്രഹം. എല്ലാ അപ്പനമ്മമാരുടെയും ഏറ്റവും വലിയ ആഗ്രഹമാണത്. മക്കൾ അനുസരണയുള്ളവരായിരിക്കണം. മാതാപിതാക്കൾക്ക് മക്കളെക്കുറിച്ചുള്ള പരാതികളുടെ പട്ടികയിൽ പലപ്പോഴും ഏറ്റവുമാദ്യം സ്ഥാനം പിടിക്കുന്നതും, മകൻ അനുസരിക്കുന്നില്ല എന്നതാവാനാണ് സാദ്ധ്യത.

അദ്ധ്യാപകർക്കറിയാം - പലപ്പോഴും സ്കൂൾ ക്ലാസ്സുകളിൽ കുട്ടികളെ ചേർത്തിട്ട് അപ്പനോ അമ്മയോ അദ്ധ്യാപകനോട് പറയാറുണ്ട്: - സാർ, ഇവന് നല്ല തല്ലു കൊടുക്കണം; തീരെ അനുസരണയില്ല.

“ഓ, അത് ഞാനേറ്റു”. അദ്ധ്യാപകൻ വാക്കു കൊടുക്കും; അദ്ദേഹം വാക്കു പാലിക്കുകയും ചെയ്യും. തല്ലുകൊടുക്കുന്നതിൽ അദ്ദേഹം തന്റെ ഔദാര്യം മുഴുവൻ കാട്ടും. വിദ്യാർത്ഥി തന്റെ മുമ്പിൽ പഞ്ച പുഛമടക്കി നിൽക്കുമ്പോൾ അദ്ദേഹം അഭിമാനത്തോടെ പറയും: “നിന്നെ അനുസരണ പഠിപ്പിക്കുന്നത് അത്ര വലിയ കാര്യമൊന്നുമല്ല”. പക്ഷെ, അവൻ, വീട്ടിൽ ഇന്നും അനുസരണയില്ലാത്തവൻ തന്നെ. അവന് അദ്ധ്യാപകന്റെ മുമ്പിൽ അനുസരണ കാട്ടിയാൽ മതി. അപ്പനും അമ്മയ്ക്കും തന്നെ അനുസരിപ്പിക്കാൻ കഴിയാഞ്ഞിട്ടാണല്ലോ, ആ ജോലി സാറിനെ ഏല്പിച്ചത്.

അനുസരണക്കേടു കാട്ടുന്ന മകനോടു അമ്മ പറയും: "നിന്റെ അപ്പനിങ്ങു വരട്ടെ". ഇത് അപ്പനെതിരെയുള്ള അമ്മയുടെ ഭീഷണിയല്ല. അപ്പൻ വരുമ്പോൾ, മകന്റെ കുറ്റങ്ങളെല്ലാം പറഞ്ഞുകൊടുത്ത് കടുത്ത ശിക്ഷ വാങ്ങിത്തരും എന്ന മുന്നറിയിപ്പാണ്. അപ്പനിങ്ങു വരുന്നതിനു മുമ്പ് മകൻ രണ്ടു കാര്യം മനസ്സിലാക്കും. അപ്പൻ വരുന്നതുവരെ അമ്മയെ അനുസരിക്കേണ്ടതില്ല. എന്നെ അനുസരിപ്പിക്കാൻ അമ്മയ്ക്ക് കഴിവില്ല.

അമ്മയുടെ ഈ കഴിവില്ലായ്മ എവിടെ തുടങ്ങി? മക്കളുടെ ജീവിതത്തിൽ, സ്വഭാവത്തിൽ, മൂല്യബോധങ്ങളിൽ, ഭാവിയിൽ ഏറ്റവുമധികം സ്വാധീനം ചെലുത്താൻ കഴിവുള്ള അമ്മയ്ക്ക് പിഴവ് പറ്റിയതെവിടെയാണ്? അമ്മയുടെ അമിതസ്നേഹത്തിൽ നിന്നാണോ? അജ്ഞതയിൽ നിന്നാണോ? അനുസരിപ്പിക്കുന്നതിൽ കാട്ടിയ അലസതയിൽ നിന്നാണോ? ഇതെല്ലാറ്റിൽ നിന്നുമാവാം. മോനേ, നിന്റെ പുസ്തകങ്ങൾ അടുക്കി വയ്ക്കൂ, ഈ കളിപ്പാട്ടം വഴിയിൽ നിന്നു മാറ്റിയിടൂ; മുഖവും കയ്യും കഴുകി വരൂ; തുടങ്ങി ഒരു നൂറുകാര്യങ്ങൾ കുട്ടനോട് അമ്മ പറയുന്നു; പറഞ്ഞശേഷം അമ്മതന്നെ പുസ്തകങ്ങൾ അടുക്കി വയ്ക്കുന്നു; അമ്മ തന്നെ കളിപ്പാട്ടം മാറ്റിയിടുന്നു; കയ്യും മുഖവും കഴികുന്നതിൽ നിന്ന് അവനെ ഒഴിവാക്കുന്നു - ഇതെല്ലാം ചെയ്യുമ്പോൾ, ''ഒരനുസരണയുമില്ല'' എന്ന ആത്മഗതവും! മക്കൾ അനുസരണക്കേടിന്റെ ബാലപാഠം പഠിക്കുന്നതിവിടെ നിന്നുതന്നെയാണ്.

അനുസരിക്കാതിരുന്നാലും കുഴപ്പമൊന്നും വരാനില്ലെന്ന പാഠം അവൻ അഞ്ചുവയസ്സിനുമുമ്പുതന്നെ പഠിച്ചു കഴിഞ്ഞിരിക്കും. പതിനഞ്ചു വയസാകുമ്പോഴേയ്ക്കും അമ്മയുടെ പറച്ചിലും തന്റെ പ്രവൃത്തിയും തമ്മിൽ ഒരു ബന്ധവും ഉണ്ടാവേണ്ട കാര്യമില്ലെന്ന് അവന് ഉറപ്പായിക്കഴിയും.

അപ്പന്റെ കാര്യമാണ് ഏറെ വിശേഷം! അദ്ദേഹത്തിന് ഒന്നിനും സമയം കിട്ടാറില്ലല്ലോ. ഔദ്യോഗിക കാര്യങ്ങൾ കഴിഞ്ഞാൽ നാടു നന്നാക്കണം. പാർട്ടി നന്നാക്കണം. പണമുണ്ടാക്കണം. പദവി നേടണം - ഇതെല്ലാം കഴിഞ്ഞ് മക്കളോടൊത്ത് ചെലവഴിക്കാൻ സമയമെവിടെ? ആഫീസിൽ നിന്നും വന്നപ്പോഴേ, കുട്ടപ്പനെപ്പററി പരാതിയുടെ ഒരു നീണ്ട പട്ടിക - മകന്റെ രണ്ടാം സ്റ്റാന്റേഡിലെ പ്രോഗ്രസ് കാർഡ് കിട്ടിയിരിക്കുന്നു - കൂട്ടത്തിൽ അമ്മയുടെ ഒരു കുത്തും - "നിങ്ങൾക്കിങ്ങനെ നാടു നിരങ്ങി നടന്നാൽ മതി. ഇങ്ങനെ പോയാൽ മോൻ പഠിച്ച് നാളെ "ടാക്കിട്ടറാവും". അപ്പന്റെ അഭിമാനവും കോപവും ഒന്നിച്ചുണരുന്നു. ഒരു കുടുംബവഴക്കാരംഭിക്കാനുള്ള ആവേശമടക്കി. മകനെ വിളിക്കുന്നു: "എടാ, ഇവിടെ വാ! ഞാൻ വരുതിനുമുമ്പ് ലസൻ ടൂ, ലസൻ ത്രീ, രണ്ടിലേയും സ്പെല്ലിംഗ് മുഴുവൻ പഠിച്ചുവച്ചിരിക്കണം. പറഞ്ഞില്ലെങ്കിൽ ഇന്നു നിന്നെ ശരിയാക്കും". അപ്പൻ പോയിക്കഴിഞ്ഞു. മണി രാത്രി പത്തര. അപ്പൻ വന്നു. ഊണു കഴിഞ്ഞു. ഉറങ്ങി. രാവിലെ ആഫീസിൽ പോയി. കുട്ടപ്പന് ആശ്വാസം, സ്പെല്ലിംഗ് ചോദിച്ചില്ല. പിന്നെ അവനു മനസ്സിലായി. അടുത്ത പ്രോഗ്രസ് റിപ്പോർട്ട് വരുന്നതുവരെ അപ്പനും അമ്മയും തന്നെ ശല്യപ്പെടുത്തില്ല.

മക്കളോടു നിങ്ങൾ പറയുന്നത് അവർ അനുസരിക്കുന്നു എന്നുറപ്പുവരുത്തേണ്ടത് അഞ്ചു വയസ്സിന് മുമ്പുതന്നെയാവണം. സ്നേഹവും,

അനുനയവും പരാജയപ്പെട്ടെങ്കിൽ ശിക്ഷ തന്നെയാവാം. മക്കളുടെ സ്വഭാവം രൂപപ്പെടുന്നത് ശീലങ്ങളിലൂടെയാണ്. നല്ല ശീലങ്ങൾ, നല്ല സ്വഭാവത്തിനു വിത്തുപാകും. പ്രവർത്തിച്ചു പരിചയിക്കുന്നവയാണല്ലോ ശീലങ്ങൾ. കൊച്ചുമക്കൾ വാശിപിടിക്കുമ്പോൾ വഴങ്ങിക്കൊടുക്കുന്ന അമ്മയും അപ്പനും പിൽക്കാലത്തു ദുഃഖിക്കും. കുഞ്ഞുന്നാളിൽ എന്തുചോദിച്ചാലും വാങ്ങിക്കൊടുക്കുന്ന മാതാപിതാക്കൾക്ക് തന്റെ സ്വത്തിന്റെ ഭാഗം അവകാശപ്പെട്ടുകൊണ്ടു നിൽക്കുന്ന പതിനെട്ടു വയസ്സുകാരനായ മകനെ അഭിമുഖീകരിക്കേണ്ടി വന്നേയ്ക്കും. മകന്റെ മുഖത്തുനോക്കി എന്തെങ്കിലും പറയുവാൻ ഭയപ്പെടുന്നവർ ഓർമ്മിക്കുക; **അമ്മയും, അപ്പനും പറയുന്ന കാര്യങ്ങൾ അനുസരിക്കേണ്ടവയാണ് എന്ന അറിവ് കുഞ്ഞുന്നാളിൽ ഒരു ശീലമായിത്തീരുമ്പോൾ, മാനസീകമായ ഒരു സംഘർഷവും അനുഭവിക്കാതെ മക്കൾ അനുസരിച്ചുകൊള്ളും. അതവരുടെ ശീലമായിത്തീരും.** അപ്പന്റെ മുമ്പിലും, അപ്പന്റെ അസാന്നിദ്ധ്യത്തിലും അവൻ അനുസരണയുള്ളവനായിരിക്കും.

"വരച്ച വരയിൽ നിർത്തിയാണ് ഞാൻ മക്കളെ വളർത്തുന്നത്" എന്നഭിമാനിക്കുന്ന മാതാപിതാക്കൾ ഒന്നോർക്കുക. വരയും വരച്ച്, മക്കളുടെ ജീവിതകാലം മുഴുവൻ, വരയുടെ അരികത്തിരിക്കാൻ നിങ്ങളെക്കൊണ്ടാവില്ലല്ലോ. വരകളല്ല, നല്ല വഴക്കങ്ങളാണ് മക്കൾക്ക് നൽകേണ്ടത്. അവർക്കുവേണ്ടിയുള്ള അളവററ സ്നേഹത്തിൽ നിന്നുകൊണ്ടാണ് അപ്പനമ്മമാർ അവരെ അനുസരിപ്പിക്കുന്നത് എന്ന ബോധം അവർക്കുണ്ടായാൽ അനുസരണം മക്കൾക്ക് അനുഗ്രഹമായിത്തീരും; നമ്മുടെ കുടുംബങ്ങൾ അനുഗ്രഹിക്കപ്പെടും.

•



# പ്രതിവാര ധ്യാനം

**ജൂൺ 2015**

ജൂൺ 07, 2015, ഒന്നാം ഞായർ
വിഷയം: **ഉയരത്തിൽ നിന്നുള്ള ജ്ഞാനം**
1 രാജാ.3:16-28, സങ്കീ.119:33-40, യാക്കോ.1:1-8, ലൂക്കോ 10:21-24

ജൂൺ 14, 2015, പരിസ്ഥിതി ഞായർ
വിഷയം: **സൃഷ്ടി ദൈവ മഹത്വം വെളിപ്പെടുത്തുന്നു**
സദൃ.8:22-31, സങ്കീ.19, വെളി.21:1-8, ലൂക്കൊ.8:22-25

ജൂൺ 21, 2015, മൂന്നാം ഞായർ
വിഷയം: **ആത്മാവിലും സത്യത്തിലും കർത്താവിനെ ആരാധിക്കുക**
യെശയ്യ.6:1-8, സങ്കീ.139, 2.തെസ.2:13-17, യോഹ.4:15-26

ജൂൺ 28, 2015, നാലാം ഞായർ
വിഷയം: **ശിഷ്യത്വത്തിന്റെ വില**
ദാനി.6:11-23, സങ്കീ.34, 2.കൊരി.6:1-10, മർക്കൊ.10:35-45

# മഴക്കാല രോഗങ്ങൾക്കെതിരെ ജാഗ്രത പുലർത്തുക

ഡോ. ശാന്താ യേശുദാസ്
(ശാന്തിദൂത് ഹോസ്പിറ്റൽ, പാൽക്കുന്ന്)

ലോകം ഇന്ന് ചെറിയൊരു ഗ്രാമമായി മാറിക്കഴിഞ്ഞിരിക്കുന്നു; രോഗങ്ങൾക്ക് നാമറിയാതെ ആഗോളവൽക്കരണവും സംഭവിച്ചു കൊണ്ടിരിക്കുന്നു. കാലാവസ്ഥയിൽ പെട്ടന്നുണ്ടാകുന്ന വ്യതിയാനങ്ങൾ, രോഗകാരണമായ വൈറസുകളിൽ സംഭവിക്കുന്ന ജനിതകമാറ്റങ്ങൾ, വർദ്ധിച്ചു വരുന്ന ജനസാന്ദ്രത, മാലിന്യനിർമ്മാർജ്ജനത്തിന്റെ അപര്യാപ്തത എന്നീ കാരണങ്ങൾ പകർച്ചവ്യാധികൾ പടർന്നു വിടിക്കുന്നതിനുള്ള അനുകൂല സാഹചര്യങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുന്നു.

മഴക്കാലത്ത് പ്രധാനമായി മൂന്നു തരം പകർച്ചവ്യാധികൾ നമ്മുടെ നാട്ടിൽ താണ്ഡവമാടുന്നുണ്ട്.

1) വായുവിലൂടെ പകരുന്ന രോഗങ്ങളായ ജലദോഷം, ചുമ, ന്യൂമോണിയ, ഇൻഫ്ളുവൻസ എന്നിവ.
2) വെള്ളത്തിലൂടെയും ഭക്ഷണത്തിലൂടെയും പകരുന്ന കോളറ, ടൈഫോയിഡ്, മഞ്ഞപ്പിത്തം മുതലായ രോഗങ്ങൾ.
3) കൊതുകു പരത്തുന്ന രോഗങ്ങൾ - ഉദാഹരണമായി മലേറിയ, ചിക്കൻഗുനിയ, ഡെങ്കിപ്പനി.

**പനി രോഗമല്ല; രോഗലക്ഷണം മാത്രമാണ്**

നമ്മുടെ ശരീരത്തിന്റെ സാധാരണ താപനില 98.6 ഡിഗ്രി ഫാരൻ ഹീറ്റാണ്. ഇത് 99 ഡിഗ്രിയിൽ കൂടുതലാകുന്ന അവസ്ഥയെയാണ് പനി എന്ന് പറയുന്നത്; 104 ഡിഗ്രിയിൽ കൂടുന്ന അവസ്ഥയെ കടുത്ത പനി എന്ന് പറയുന്നു. ആരംഭത്തിൽ എല്ലാത്തരം പനികൾക്കും ഒരേ ലക്ഷണമായിരിക്കും.

**രോഗങ്ങൾ എങ്ങനെ പകരുന്നു**

വായു വഴി പകരുന്ന രോഗങ്ങൾ ബാധിച്ച രോഗികൾ തുമ്മമ്പോഴും ചുമയ്ക്കുമ്പോഴും ലക്ഷക്കണക്കിന് രോഗാണുക്കൾ രോഗിയുടെ ശരീരത്തിൽ നിന്ന് പുറത്തു വന്ന് അന്തരീക്ഷത്തിൽ വ്യാപിക്കുന്നു. രോഗിയുമായി ബന്ധം പുലർത്തുന്നവരുടെ മേൽ ഇവ ആക്രമണം നടത്തുന്നു.

മഴക്കാലത്ത് രോഗിയുടെ വിസർജ്ജ്യവസ്തുക്കൾ ഉൾപ്പെട്ട മാലിന്യങ്ങൾ മഴവെള്ളത്തിലൂടെ ഒഴുകി എത്തി ജലസ്രോതസ്സുകളെ മലിനമാക്കുന്നു. ഇതിനു പുറമേ ഈച്ച, കൊതുക്, എലി എന്നിവയും മഴക്കാലരോഗങ്ങൾ പരത്തുന്നതിൽ ഗണ്യമായ പങ്കു വഹിക്കുന്നുണ്ട്.

**ചികിത്സയുടെ ലക്ഷ്യം**

പനിയ്ക്കുള്ള ഔഷധം പാരസെറ്റമോൾ ആണെന്ന് നമുക്കെല്ലാവർക്കും അറിയാം. പാരസെറ്റമോൾ കഴിക്കുന്ന രോഗിയുടെ ശരീരം വിയർക്കുന്നു, പനിമാറുന്നു. ഇപ്രകാരം മൂന്നു ദിവസം ചികിത്സിച്ചിട്ടും പനി കുറയുന്നില്ല,

കടുത്ത പനി, വിറയൽ, ക്ഷീണം എന്നിവ രോഗിയ്ക്ക് അനുഭവപ്പെടുകയാണെങ്കിൽ രോഗിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ച് ചികിത്സിക്കുന്നതിന് ഡോക്ടർമാർ നിർദ്ദേശിക്കാറുണ്ട്. പനി എത്ര മണിക്കൂർ ഇടവിട്ട് ഉയരുന്നു, പനിയോടൊപ്പം വിറയൽ രക്തസമ്മർദ്ദത്തിൽ വ്യതിയാനം എന്നിവ ഉണ്ടാകുന്നുണ്ടോ, ബാഹ്യമായോ ആന്തരികമായോ ഉണ്ടാകുന്ന രക്തസ്രാവത്തിന്റെ ലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുന്നുണ്ടോ എന്നീ കാര്യങ്ങളിൽ സൂക്ഷ്മ നിരീക്ഷണം ഇത്തരം രോഗികളിൽ ആവശ്യമാണ്. രോഗിയുടെ രക്തം, മൂത്രം, കഫം എന്നിവ പലപ്രാവശ്യം ലബോറട്ടറിയിൽ പരിശോധന നടത്തിയാൽ മാത്രമേ രോഗം സങ്കീർണ്ണമാകുന്നുണ്ടോ എന്ന് മനസ്സിലാക്കാൻ കഴിയുകയുള്ളൂ. വയറിളക്കം, ഛർദ്ദി, കടുത്ത പനി നിമിത്തം ഉണ്ടാകുന്ന ക്ഷീണം എന്നിവ ബാധിക്കുന്ന രോഗികൾക്ക് അവരുടെ ശരീരത്തിൽ നിന്ന് നഷ്ടപ്പെടാറുള്ള ജലാംശവും ലവണങ്ങളും ഒ.ആർ.എസ് ലായിനിയിലൂടെയോ സലൈൻ ട്രിപ്പ് വഴിയോ തിരികെ അവരുടെ ശരീരത്തിൽ പ്രവേശിപ്പിക്കുകയും വേണം.

**പനിക്ക് പട്ടിണിയാണോ നല്ലത്**

ഇത്തരത്തിൽ ഒരു പഴമൊഴിയുണ്ടെങ്കിലും ഇതിന്റെ അർത്ഥം രോഗി പട്ടിണി കിടക്കേണ്ടതാണ് എന്നല്ല. ദഹിക്കാൻ പ്രയാസമേറിയ ഭക്ഷണങ്ങൾ ഒഴിവാക്കി. എളുപ്പം ദഹിയ്ക്കാവുന്ന സമീകൃതാഹാരം, ഉപ്പ് ചേർത്ത കഞ്ഞി വെള്ളം, ഇളനീർ, തിളപ്പിച്ച് ആറിയ വെള്ളം എന്നിവ നൽകണം. വയറിളക്ക രോഗങ്ങൾ ബാധിച്ച കുട്ടികൾക്ക് ആഹാരം നൽകരുതെന്ന ധാരണയും ശരിയല്ല. മുലപ്പാൽ കുടിയ്ക്കുന്ന പ്രായത്തിലുള്ള കുട്ടികൾക്ക് അത് നിർത്തരുത്.

**കുട്ടികൾക്ക് പനി വന്നാൽ**

ഏതു പ്രായക്കാർക്കും പനിയ്ക്ക് പൂർണ്ണ വിശ്രമം ആവശ്യമായതിനാൽ പനിയുള്ള കുട്ടികളോട് ഓടിച്ചാടി നടക്കാതെ അടങ്ങിയിരിക്കാൻ ഉപദേശിക്കുക. പനിയുള്ള കുട്ടികൾക്ക് ആസ്പിരിൻ നൽകരുത്. പനിബാധിച്ച ഒരു കുട്ടിക്ക് ഡോക്ടർ എഴുതിക്കൊടുത്ത മരുന്നിന്റെ ചീട്ട് ഉപയോഗിച്ച് മറ്റൊരു കുട്ടിയെ ചികിത്സിക്കരുത്. രോഗം ഭേദമാകുന്നതുവരെ കുട്ടിയെ സ്കൂളിലയക്കാതിരുന്നാൽ രോഗിയായ കുട്ടിക്ക് വിശ്രമം ലഭിക്കും. ഈ രോഗം സഹപാഠികളുടെയിടയിൽ പടരുകയുമില്ല.

പനിയോടൊപ്പം അപസ്മാരം വന്നിട്ടുള്ള കുട്ടികളുടെ ശരീരം വെള്ളത്തിൽ മുക്കിയ തുണി കൊണ്ട് എത്രയും പെട്ടെന്ന് തുടച്ചെടുക്കുക. പനിക്കും അപസ്മാരത്തിനും ഉള്ള ഔഷധങ്ങൾ എപ്പോഴും വീട്ടിൽ കരുതിയിരിക്കുക.

**രോഗങ്ങൾക്കെതിരെ എങ്ങനെ ജാഗ്രത പാലിക്കാം**

നമ്മുടെ ദു:ശ്ശീലങ്ങളും വ്യക്തശുചിത്വത്തിന്റെ അഭാവവുമാണ് പകർച്ച വ്യാധികൾ പടർന്നു പിടിക്കുന്നതിനുള്ള പ്രധാന കാരണങ്ങൾ എന്ന് പഠനങ്ങൾ തെളിയിക്കുന്നു. എലിപ്പനി (ലെപ്റ്റോസ്പൈറോസിസ്) ലോകത്തിലാദ്യമായി കണ്ടു പിടിക്കപ്പെട്ടതു വ്യക്തിശുചിത്വത്തിൽ മുൻ നിരയിൽ നിൽക്കുന്നു എന്ന് അഭിമാനിക്കുന്ന നമ്മുടെ കൊച്ച് കേരളത്തിലായിരുന്നത്രേ!!

ചുമയ്ക്കുകയും തുമ്മുകയും ചെയ്യുമ്പോൾ തൂവാല ഉപയോഗിച്ച് മൂക്കും വായും പൊത്തിപ്പിടിക്കുകയും തുറസ്സായ പൊതു സ്ഥലങ്ങളിൽ അലക്ഷ്യമായി തുപ്പുകയും മൂക്കു ചീറ്റിയൊഴിക്കുകയും ചെയ്യുന്ന ദുസ്വഭാവങ്ങൾ ഒഴിവാക്കിയാൽ വായു വഴി പകരുന്ന രോഗങ്ങൾ പകരുകയില്ല.

കുടിയ്ക്കാനും കൂൾഡ്രിംഗ്സ് ഉണ്ടാക്കുന്നതിനും തിളപ്പിച്ച് ആറിയ വെള്ളം മാത്രം ഉപയോഗിക്കുക. പുറത്തു നിന്ന് വെള്ളം കുടിക്കേണ്ടി വന്നാൽ ചൂടു പാനീയങ്ങൾ മാത്രം കഴിക്കുക. വൃത്തിഹീനമായ ചുറ്റുപാടുകളിൽ പാകം ചെയ്ത ഭക്ഷണം, പഴകിയ ഭക്ഷണം, വഴിവക്കിൽ തുറന്നു വെച്ചിട്ടുള്ള ഭക്ഷണം, പഴുത്ത് അഴുകിയ പഴങ്ങൾ എന്നിവ ഒഴിവാക്കുക; ഭക്ഷണം ചൂടോടെ കഴിക്കാൻ ശ്രദ്ധിക്കുകയും വേണം.

ആഹാരത്തിനു മുൻപും ടോയ്‌ലറ്റിൽ പോയി മടങ്ങി വന്ന ശേഷവും അണുനാശിനി അടങ്ങിയ സോപ്പുപയോഗിച്ച് കൈകൾ കഴുകുന്നത് ശീലമാക്കുക. കുട്ടികളിലും ഈ ശീലം വളർത്തിയെടുക്കുക. രോഗികളെ ശുശ്രൂഷിക്കുന്നവരും ഈ കാര്യം ശ്രദ്ധിക്കേണ്ടതാണ്.

രോഗികളുടെ ഛർദ്ദിലും മറ്റ് വിസർജ്ജ്യ വസ്തുക്കളും ജല സ്രോതസ്സുകളെ മലിനമാക്കാത്ത വിധം സംസ്കരിക്കേണ്ടതാണ്. കോളറ ബാധിച്ച രോഗികൾ ഉപയോഗിച്ച കക്കൂസും വാഷ്ബേസിനും അണു നാശിനി അടങ്ങിയ ലോഷൻ ഉപയോഗിച്ച് വൃത്തിയാക്കുക. രോഗികൾ ഉപയോഗിച്ച ബെഡ് ഷീറ്റ്, തലയണ, ടൗവ്വൽ എന്നിവ രോഗമില്ലാത്തവർ ഉപയോഗിക്കരുത്.

വീട്ടിൽ കോൺക്രീറ്റ് ടാങ്കിൽ ജലം സൂക്ഷിക്കുന്നവർ ടാങ്ക് നല്ലവണ്ണം മൂടി വെയ്ക്കുക. കിണറുകളിലെ വെള്ളം ബ്ലീച്ചിങ്ങ് പൗഡർ ഉപയോഗിച്ച് ശുദ്ധീകരിക്കുക. പെരുച്ചാഴിയുടെയും എലിയുടെയും വിഹാരരംഗങ്ങളിൽ താമസിക്കുന്നവർ സ്ഥിരമായി പാദരക്ഷ ധരിക്കുക.

ആഴ്ചയിലൊരിക്കൽ 'ഡ്രൈ ഡേ' ആചരിക്കുക. വീടിന്റെ പരിസരങ്ങളിൽ അലസമായി വലിച്ചെറിയാറുള്ള ടയർ, പ്ലാസ്റ്റിക് കപ്പുകൾ, ചിരട്ടകൾ, കുപ്പികൾ എന്നിവ മാറ്റുന്നതിന് പ്രത്യേകം ശ്രദ്ധിക്കുക; വീടിന് ചുറ്റും കുറ്റിക്കാടുകൾ ഉണ്ടെങ്കിൽ വെട്ടിമാറ്റുക; പരിസരങ്ങളിലെ ചവറുകൾ തീയിട്ട് നശിപ്പിക്കുക - ഇപ്രകാരം ചെയ്താൽ കൊതുകിന്റെ ശല്യം കുറയ്ക്കാം. കൊതുകുവല ഉപയോഗിക്കുന്നത് ശീലമാക്കുകയും വേണം.

പനിക്കാലങ്ങളിൽ യാത്രക്കാർ തിങ്ങി നിറഞ്ഞ വാഹനങ്ങളിലെ യാത്ര ഒഴിവാക്കുക, പനി പോലുള്ള രോഗഭീഷണി നിലനിൽക്കുന്ന രാജ്യങ്ങളിലേക്കുള്ള യാത്ര തൽക്കാലം മാറ്റി വയ്ക്കുക.

എല്ലാറ്റിനും ഉപരിയായി ചികിത്സിക്കുന്നതിന് പിശുക്ക് കാട്ടാതിരിക്കുക; ആരോഗ്യമാണ് ഏറ്റവും വലിയ സമ്പത്ത്. പണം നഷ്ടപ്പെട്ടാൽ കുറച്ച് മാത്രമേ നഷ്ടമാകുന്നുള്ളൂ; ആരോഗ്യം നഷ്ടപ്പെട്ടാൽ അത് തീരാനഷ്ടമായിരിക്കും.

ഓർക്കുക, ആരംഭഘട്ടത്തിൽ ശരിയായ രോഗനിർണ്ണയം നടത്തി ചികിത്സിക്കേണ്ട രീതിയിൽ ഡോക്ടർമാർ നിർദ്ദേശിക്കുന്ന കാലയളവ് മുഴുവൻ കൃത്യമായ അളവിൽ മരുന്ന് കഴിച്ചാൽ ഏതു മാരകമായ പനിയെയും പൂർണ്ണമായി സൗഖ്യമാക്കാം. സ്വയം ചികിത്സ പാടില്ല.

പരിഷ്കൃത രാജ്യങ്ങളിൽ ചെയ്യുന്നതു പോലെ ജനങ്ങൾക്ക് ഇക്കാര്യങ്ങളിൽ ബോധവത്കരണം നല്കുന്നതിന് കൂടി നാം ശ്രമിച്ചാൽ ഈ മഴക്കാലത്ത് രോഗങ്ങൾ ഇല്ലാത്ത നല്ല ദിനങ്ങൾ നമ്മെ സ്വാഗതം ചെയ്യും. ●

**അനുസ്മരണം**

# അഭിവന്ദ്യ യേശുദാസൻ തിരുമേനി

## മരിക്കാത്ത ഓർമ്മകളുമായി .... രണ്ടാം ചരമവാർഷികം

റവ. ഡോ. വർഗ്ഗീസ് റ്റി. ലീ



17 വർഷക്കാലം ദക്ഷിണ കേരള മഹായിടവകയുടെ ആത്മീയ പിതാവായിരുന്ന അഭിവന്ദ്യ യേശുദാസൻ തിരുമേനി കാലം ചെയ്തിട്ട് രണ്ടുവർഷം തികയുന്നു. 1925 ഫെബ്രുവരി 14–ാം തീയതി ജനിച്ച തിരുമേനി 2013 ജൂൺ 16–ാം തീയതി തന്റെ 88–ാം വയസ്സിൽ നിത്യ സ്വസ്ഥതയിലേക്ക് പ്രവേശിച്ചു. 17 വർഷ സേവനത്തിനിടയിൽ രണ്ടുവർഷം ദക്ഷിണേന്ത്യാ സഭയുടെ ഡെപ്യൂട്ടി മോഡറേറ്ററായും തുടർച്ചയായി 6 വർഷക്കാലം മോഡറേറ്ററായും പ്രവർത്തിച്ചു. വിവിധ കാലഘട്ടങ്ങളിലായി ഏകദേശം 25-ലധികം സംഘടനകളിൽ ചെയർമാൻ, വൈസ് ചെയർമാൻ, പാട്രൺ എന്നീ നിലകളിൽ സ്ഥാനം വഹിച്ചു.

അദ്ദേഹത്തിന്റെ കാലഘട്ടം മഹായിടവകയുടെ സുവർണ്ണ കാലഘട്ടമെന്ന് വിശേഷിപ്പിക്കാം. മഹായിടവകയുടെ എല്ലാ വിധത്തിലുള്ള വളർച്ചയ്ക്കും തിരുമേനിയുടെ സംഭാവന വളരെ വിലപ്പെട്ടതാണ്. സഭകളിലെ ആരാധനകൾ കൂടുതൽ ജീവനും ചൈതന്യവുമുള്ളതാക്കിത്തീർക്കുന്നതിന് ആവശ്യമുള്ള നടപടികൾ സ്വീകരിച്ചു. വിശാലമായ ഒരു സാമൂഹിക ദർശനം അദ്ദേഹത്തിനുണ്ടായിരുന്നു. അതിന്റെ ഭാഗമായി അഭിവന്ദ്യ പോൾ വാചാലൻ തിരുമേനി ആരംഭിച്ച ജീവകാരുണ്യ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് വേണ്ട ക്രമീകരണങ്ങൾ ചെയ്തു. ഉന്നത വിദ്യാഭ്യാസ മേഖലകളിലും സാങ്കേതിക വിദ്യാഭ്യാസ മേഖലകളിലും മറ്റും പുതിയ സംരംഭങ്ങൾ ആരംഭിച്ചു. വികസനത്തിന് തന്നെ ഒരു പുതിയ കാഴ്ചപ്പാട് നൽകി. എൽ.എം.എസ് കോമ്പൗണ്ടിലെ ബഹുനിലകെട്ടിടം, പോളിയോ ഹോം, വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, പെൺകുട്ടികളുടെ വിൽസ് ഹോസ്റ്റൽ, എംബ്രോയിഡറി കെട്ടിടം, കാട്ടാക്കട ക്രിസ്ത്യൻ കോളേജ് സയൻസ് ബ്ലോക്ക്, വർക്കല അന്ധവിദ്യാലയം, വാളകം ബധിര – മൂക വിദ്യാലയം മുതലായവ തിരുമേനിയുടെ പരിശ്രമത്തിന്റെ ഫലമാണ് ഇന്നു കാണുന്ന രീതിയിൽ ആയിത്തീർന്നിട്ടുള്ളത്.

മഹായിടവകയുടെ സുവിശേഷീകരണ പ്രവർത്തനത്തിന് തിരുമേനി ഒരു പുതിയ സംരംഭം ആരംഭിച്ചു. മഹായിടവകയുടെ പുറത്ത് എവിടെയെങ്കിലും

സുവിശേഷ പ്രവർത്തനം ആരംഭിക്കണമെന്നത് അദ്ദേഹത്തിന്റെ ഒരു ആഗ്രഹമായിരുന്നു. കാഞ്ഞിരംകുളം ഐക്യകൺവെൻഷനിൽവെച്ച് ഇക്കാര്യം തിരുമേനി അറിയിക്കുകയും, ഈ ആഹ്വാനം സ്വീകരിച്ച് മുന്നോട്ട് ആരെങ്കിലും വരുവാനുണ്ടോ എന്ന് അദ്ദേഹം അന്വേഷിച്ചു. ബഹുമാനപ്പെട്ട റവ. ജോൺ വിക്ടർ അച്ചൻ ഈ ആഹ്വാനം സ്വീകരിക്കുകയും എട്ടൂർ നാഗാരത്തിൽ (ആന്ധ്ര) അച്ചൻ മിഷൻ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഇന്ന് നമുക്ക് 25 സംസ്ഥാനങ്ങളിൽ സുവിശേഷീകരണ പ്രവർത്തനം നടക്കുന്നു. കൂടാതെ അയൽരാജ്യമായ നേപ്പാളിലും മിഷൻ പ്രവർത്തനം തുടരുന്നുണ്ട്. ഇക്കാര്യത്തിൽ യേശുദാസൻ തിരുമേനി പ്രസ്താവിച്ച കാര്യം രേഖപ്പെടുത്തു, **'എപ്പോഴാണ് നാം മഹായിടവകയ്ക്ക് പുറത്ത് മിഷൻ പ്രവർത്തനം ആരംഭിച്ചത്, അതുമുതലാണ് നമ്മുടെ മഹായിടവകയ്ക്ക് എല്ലാ വിധത്തിലുമുള്ള വളർച്ച തുടങ്ങിയത്'.**

മഹായിടവകയിലുള്ള പിന്നോക്ക വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന തിരുമേനി നൽകിയിരുന്നു. അവരെ മഹായിടവകയുടെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവന്നു. പലരേയും സഭാശുശ്രൂഷയ്ക്കായി പ്രോത്സാഹിപ്പിക്കുകയും അവരെ വിദേശരാജ്യങ്ങളിൽ ഉന്നതപഠനത്തിനായി അയയ്ക്കുകയും ചെയ്തു. തിരുമേനിയുടെ കാലത്താണ് പിന്നോക്ക, മുന്നോക്ക വ്യത്യാസം കൂടാതെ സഭകളിൽ സഭാശുശ്രൂഷകരെ നിയോഗിക്കാൻ തുടങ്ങിയത്. വനിതകളുടെ ശുശ്രൂഷയ്ക്കും തിരുമേനി പ്രാധാന്യം നൽകി. അവർക്ക് അർഹമായ സ്ഥാനം കമ്മറ്റികളിൽ നൽകുന്നതിന് ഭരണഘടനയിൽ വ്യവസ്ഥ ചെയ്തു. സഹോദരീസമൂഹത്തിൽ (sisterhood) ചേരുവാൻ പലർക്കും പ്രോത്സാഹനം നൽകി. കേരളത്തിലാദ്യമായി തിരുമേനിയുടെ കാലത്താണ് ഒരു വനിതയ്ക്ക് പട്ടം നൽകിയത്. ദക്ഷിണ കേരള മഹായിടവകയ്ക്ക് ഒരു രാഷ്ട്രീയ സ്വാധീനം നേടിത്തന്നത് യേശുദാസൻ തിരുമേനിയാണ്. നമുക്ക് എം.പി.മാരും, പി.എസ്.സി അംഗങ്ങളും ലഭിച്ചത് തിരുമേനിയുടെ രാഷ്ട്രീയ സ്വാധീനം കൊണ്ടാണ്. വിവിധ പാർട്ടിയിൽപ്പെട്ട രാഷ്ട്രീയ നേതാക്കന്മാർ എല്ലാവരും തന്നെ തിരുമേനിയെ വളരെ ബഹുമാനത്തോടും ആദരവോടും ആണ് കണ്ടിരുന്നത്.

മോഡറേറ്റർ എന്ന നിലയിൽ ദക്ഷിണേന്ത്യാ സഭാ തലത്തിലും, അഖില ലോക സഭാതലത്തിലും തിരുമേനിയുടെ നേതൃത്വം വിലപ്പെട്ടതായിരുന്നു. ഡെപ്യൂട്ടി മോഡറേറ്ററായും, മോഡറേറ്ററായും പ്രവർത്തിക്കുവാൻ അവസരം ലഭിച്ചത് തിരുമേനിയുടെ ഭരണപാടവം കൊണ്ടാണ്. അഖില ലോക സഭാ കൗൺസിലിന്റെ കേന്ദ്ര കമ്മിറ്റി അംഗമായും പ്രവർത്തിക്കുന്നതിനുള്ള അവസരം തിരുമേനിക്ക് ലഭിച്ചു. തിരുമേനിയുടെ ലാളിത്യം നിറഞ്ഞ ജീവിതശൈലി സി.എസ്.ഐ സിനഡ് തലത്തിൽ ഏവരുടെയും പ്രശംസയ്ക്ക് കാരണമായി ത്തീർന്നിട്ടുണ്ട്.

ഉന്നതമായ ദൈവശാസ്ത്ര ദർശനമുള്ള ഒരു വ്യക്തിയായിരുന്നു യേശുദാസൻ തിരുമേനി. അദ്ദേഹം പ്രസിദ്ധീകരിച്ച 10 ഗ്രന്ഥങ്ങളിൽ നിന്നും ഇതു വ്യക്തമാണ്. ക്രൈസ്തവ സാഹിത്യ സമിതിയുടെ വളർച്ചയ്ക്ക് നിർണ്ണായകമായ പങ്ക് തിരുമേനി നിർവ്വഹിക്കുകയുണ്ടായി. ക്രൈസ്തവ സാഹിത്യ സമിതി സെക്രട്ടറി റവ. ഡോ. മാത്യു ഡാനിയേൽ തിരുമേനിയെക്കുറിച്ച് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു, 'അഭിവന്ദ്യ ഡോ. ഐ. യേശുദാസൻ തിരുമേനിയോട് ക്രൈസ്തവ സാഹിത്യ സമിതി ഏറെ കടപ്പെട്ടിരിക്കുന്നു. സി.എസ്.

എസ് ഒരു സ്വതന്ത്ര പ്രസ്ഥാനമായി രൂപപ്പെടുന്ന ഘട്ടത്തിലും തുടർന്ന് ഒന്നര പതിറ്റാണ്ട് കാലവും ഗവേണിംഗ് ബോർഡ് ചെയർമാനായി സാരഥ്യം വഹിച്ചു. സി.എസ്.എസ്സിന്റെ വളർച്ചയുടെ പാതയിൽ തിരുമേനി നിർണ്ണായക പങ്ക് വഹിക്കുകയുണ്ടായി. തിരുമേനിയുടെ പ്രാർത്ഥനയും നേതൃത്വവുമാണ് സി.എസ്. എസിന് പുതിയ രൂപഭാവങ്ങൾ നൽകിയതെന്ന് കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.'

തിരുമേനിക്ക് സഭാഐക്യപ്രസ്ഥാനങ്ങളോട് പ്രത്യേക താൽപ്പര്യം ഉണ്ടായിരുന്നു. തിരുമേനി മോഡറേറ്റർ ആയിരുന്നപ്പോഴാണ് സി.എസ്.ഐ - സി. എൻ.ഐ - മർത്തോമ്മാ ഐക്യം ദൃഢമായത്. ഈ മൂന്ന് സഭകൾ തമ്മിലുള്ള 'തിരുവത്താഴ കൂട്ടായ്മ' (Inter Church Communion) ആരംഭിച്ചത് തിരുമേനിയുടെ കാലത്താണ്. അതിന്റെ ഫലമായി നവംബർ രണ്ടാം ഞായർ ഐക്യഞായർ ആചരിക്കുവാൻ തുടങ്ങി. തിരുമേനിയുടെ കാലത്ത് തിരുവനന്തപുരത്തുള്ള സി.എസ്.ഐ. സഭയുടെ പട്ടക്കാർ മർത്തോമ്മാ സഭകളിൽ സി.എസ്.ഐ ആരാധനാക്രമം ഉപയോഗിച്ചും, മർത്തോമ്മാ സഭകളിലെ പട്ടക്കാർ മർത്തോമ്മാ ആരാധനാക്രമം ഉപയോഗിച്ച് സി.എസ്.ഐ സഭകളിലും ഈ ഞായറാഴ്ച തിരുവത്താഴം ആചരിച്ചിരുന്നു. ഈ ഐക്യ ആഘോഷം നടന്നത് തിരുമേനിയുടെ പ്രത്യേക താൽപ്പര്യപ്രകാരമായിരുന്നു. തിരുമേനിയുടെ വിരമിക്കലിന് ശേഷം ഈ 'ഐക്യ ഞായർ' ആചരണം നടന്നിട്ടില്ല. സഭകളുടെ ഐക്യം തിരുമേനിയുടെ ഒരു വലിയ ദർശനമായിരുന്നു.

